(ബി) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ അവലോകനമാണ് ഈ യോഗങ്ങൾക്കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകാറുള്ള ബുദ്ധിമുട്ടുകൾ ഈ യോഗങ്ങളിൽ ചർച്ച ചെയ്ത് വിവിധ വകുപ്പുദ്യോഗസ്ഥന്മാരുടെ സഹകരണത്തോടെ ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുവാൻ വേണ്ട തീരുമാനം എടുക്കാറുണ്ട്.

(സി) ഇത്തരമൊരു നടപടി എം. ഡി. ഓഫീസിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി നടപടി എടുക്കുകയാണ് പതിവ്.

ശുദ്ധജലം പാഴാകുന്നത് തടയാൻ നടപടി

60 (1971) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല പ്രദേശങ്ങളിലും പൈപ്പുകൾ പൊട്ടി ശുദ്ധജലം പാഴാക്കുന്നതും അതുമൂലം പല സ്ഥലത്തും ഗതാഗത തടസ്സം ഉണ്ടാകുന്നതുമായ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം കേടുവന്ന പൈപ്പുകൾ തക്ക സമയത്ത് തന്നെ നന്നാക്കുവാൻ ഉദ്യോഗസ്ഥന്മാർ അനാസ്ഥ കാണിക്കുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) പൈപ്പുകൾ പൊട്ടി ശുദ്ധജലം പാഴായിപോകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തന്മൂലമുണ്ടാകുന്ന കേടുപാടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കാറുണ്ട്. ഇതുമൂലം ഗതാഗത തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെയിൻ റോഡിലും മറ്റുമുള്ള പൈപ്പു ലൈനുകളിൽ അറ്റുകുറ്റ പണികൾ അടിയന്തിരമായി നടത്തേണ്ടിവരുമ്പോൾ ചിലപ്പോൾ ഗതാഗതം അൽപ്പ സമയത്തേക്ക് ഭാഗികമായി തടസ്സപ്പെടാറുണ്ട്.

(ബി) ഉദ്യോഗസ്ഥന്മാർ അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൈപ്പുലൈൻ പൊട്ടിയതായി ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ അവ നന്നാക്കുവാൻ വേണ്ട നടപടികൾ എടുക്കാറുണ്ട്. ശുദ്ധജലവിതരണ പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്ന റോഡുകൾ മറ്റു വകുപ്പുകളുടെ അധിനതയിലാണെങ്കിൽ അവരുമായി ബന്ധപ്പെട്ട് റോഡ് കുഴിക്കുവാൻ വേണ്ട അനുവാദം ലഭ്യമാക്കി ഉടൻതന്നെ കേടുപാടുകൾ തീർക്കാറുണ്ട്.

(സി) അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly